(ഇ) വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത തിരിമറിയിലെ കുറ്റക്കാരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ്, റവന്യൂ വകുപ്പുതല അന്വേഷണങ്ങൾ നടക്കുന്നു.

(സി-ഇ) വ്യാജപട്ടയത്തിന് ഭൂനികുതി സ്വീകരിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വില്ലേജ് അസിസ്റ്റന്റായിരുന്ന ശ്രീ. കൃഷ്ണൻ എം. എന്നവരെ സർവ്വീസിൽനിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

നടമ്മൽ കടവ് പാലം

96(1161) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കൊടുവള്ളി- ഓമശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നടമ്മൽ കടവ് പാലത്തിനുള്ള സ്ഥലമേറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലമേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലം അനുബന്ധറോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകിയ 7 കൈവശക്കാരിൽ 4 പേരുടെ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി കൈവശക്കാർ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്. ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകാത്ത 5 പേരുടെ ഭൂമി പുതിയ എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. പുഴയുടെ മറുകരയിലുള്ള ഭൂമിയുടെ സർവ്വേയിൽ വന്ന പിശകുകാരണം എൽ.എ. നടപടി കാലഹരണപ്പെടുകയുണ്ടായി. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(സി) നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം സംസ്ഥാനതല സമിതി അനുമതി നൽകിയ വിലയ്ക്ക് ഭൂമി കൈമാറാൻ പൂത്തൂർ വില്ലേജിലെ സ്ഥലമുടമകൾ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്.

താലൂക്ക് ഓഫീസ് കെട്ടിടം

97(1162) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയിൽ റീഫ്രാക്ടറീസ് വക വ്യവസായ വകുപ്പ് മുനിസിപ്പാലിറ്റിക്കു കൈമാറിയ സ്ഥലത്ത് താലൂക്ക് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസിന് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചു വെങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) & (സി) വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

പയ്യന്നൂർ താലൂക്ക് അനുവദിക്കാൻ നടപടി

98(1163) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി പയ്യന്നൂർ താലൂക്ക് അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly